**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3732** **12-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ കായികവകുപ്പ് നടത്തുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ കായികവകുപ്പിനു കീഴിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണപുരോഗതി സംബന്ധിച്ച വിവരവും അറിയിക്കുമോ? | (എ) | കായിക വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ആലന്തറ നാചറൽ നീന്തൽക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി<br><br>പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 16.02.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബുകുമാർ.എസ്.എസ്., തിരുവനന്തപുരം എന്ന കരാറുകാരനുമായി 16.03.2024 ന് 87,19,892/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. 65% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.<br><br>2. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഭരതന്നൂർ സ്റ്റേഡിയത്തിന്റെ നവീകരണം<br><br>പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 13.02.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബുകുമാർ.എസ്.എസ്., തിരുവനന്തപുരം എന്ന കരാറുകാരനുമായി 31.05.2024 ന് 87,18,651/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. 50% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3. കല്ലറ ഗ്രാമപഞ്ചായത്തിലെ താന്നിയം സ്റ്റേഡിയം നവീകരണ പ്രവൃത്തി (ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി)<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 09.02.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ജയകുമാർ.എസ്, തിരുവനന്തപുരം എന്ന കരാറുകാരനുമായി 15.05.2024 ന് 68,05,897/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. 60% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്.<br><br>4. 2024-25 ബഡ്ജറ്റ് വർക്ക് - പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം<br><br>പ്രസ്തുത പ്രവൃത്തിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 13.02.2025 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഈ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മേൽ പ്രവൃത്തികൾ കൂടാതെ വനംവകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അരിപ്പയിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇലക്ട്രോ മെക്കാനിക്കൽ / ഫിൽട്രേഷൻ വർക്കുകൾ ഉൾപ്പെടെ 25 X 12.5 മീറ്റർ നീന്തൽക്കുളത്തിന്റെ നിർമ്മാണവും അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണവും, മാപ്പിൾ വുഡ് ഫ്ളോറിംഗ് പ്രവൃത്തിയും പൂർത്തീകരിച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ